ഉത്തരം

(എ) 2002-03 പ്രാരംഭ കണക്കുകൾ പ്രകാരം റവന്യൂ കമ്മി 819 കോടി രൂപയാണ്. റവന്യൂ കമ്മി നികത്താൻ ബോർഡ് എ. ഡി. ബി.-യിൽ നിന്നും വായ്പ എടുക്കാൻ തീരുമാനിച്ചിട്ടില്ല.

(ബി) എ. ഡി. ബി. വായ്പ പ്രധാനമായും പദ്ധതി പ്രവർത്തനങ്ങൾക്കുള്ളതാണ്. എന്നാൽ വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി സർക്കാർ ബഡ്ജറ്റിൽ 2002-2003-ൽ 200 കോടി രൂപയും 2003-04-ൽ 175 കോടി രൂപയും സബ്സിഡിയായി വകയിരുത്തിയിട്ടുണ്ട്.

ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുത മീറ്ററുകൾ

81 [5325] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുത മീറ്ററുകൾ ഏതൊക്കെ തരത്തിലുള്ളവയാണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ തരം മീറ്ററും ഉപയോഗിക്കുന്ന ഉപഭോക്താക്കൾ എത്ര വീതമാണെന്ന് പറയാമോ;

(സി) ഓരോതരം മീറ്ററിനും ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന പ്രതിമാസ വാടകയെത്രവീതമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രതിമാസ മീറ്റർവാടകയിനത്തിൽ വ്യത്യാസമുണ്ടെങ്കിൽ അത്തരത്തിൽ ഈടാക്കുവാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഇ) മീറ്റർ വാടക ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ഇലക്ട്രോ മെക്കാനിക്കൽ, ഇലക്ട്രോണിക് എന്നീ രണ്ടു തരം മീറ്ററുകൾ ഉപയോഗത്തിലുണ്ട്.

(ബി) ഇലക്ട്രോ മെക്കാനിക്കൽ—59,97,418 എണ്ണം, ഇലക്ട്രോണിക്—10,20,829 എണ്ണം.

(സി) ഉപഭോക്താക്കളിൽനിന്നും താഴെ പറയുന്ന രീതിയിൽ പ്രതിമാസം വാടക ഈടാക്കുന്നു: സിംഗിൾ ഫേസ് മീറ്റർ-10 രൂപ, ത്രീ ഫേസ് മീറ്റർ 20 ആമ്പിയർവരെ-20 രൂപ, ത്രീ ഫേസ് 20 മുതൽ 30 വരെ-50 രൂപ, ത്രീ ഫേസ് 30 ആമ്പിയറിന് മുകളിൽ -75 രൂപ.

(ഡി) മീറ്ററിന്റെ ശേഷിയുടെ അടിസ്ഥാനത്തിലാണ് വാടകയിനത്തിൽ വ്യത്യാസമുണ്ടാകുന്നത്.

(ഇ) മീറ്ററിന്റെ ശേഷിയനുസരിച്ച് വിലയിലും വ്യത്യാസമുണ്ട്. അതിനാൽ മീറ്റർ വാടക ഏകീകരിക്കുക പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly